**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1151** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഇതുവരെയും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u> കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജകമണ്ഡലത്തിൽ ഇതുവരെയും പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.**

- **കൺസ്ട്രക്ഷൻ ഓഫ് ഊട്ടുപുര അറ്റ് തിരുവങ്ങാട് ശ്രീ രാമസ്വാമി ടെംപിൾ**
- **റെക്റ്റിഫിക്കേഷൻ ഓഫ് എക്സിസ്റ്റിങ് ബിൽഡിങ് ആൻഡ് റൂഫ് അറ്റ് ഇല്ലിക്കുന്ന ചർച്ച്**
- **റിനോവേഷൻ ഓഫ് എക്സിസ്റ്റിങ് ബിൽഡിങ് അറ്റ് മുൻസിപ്പൽ സ്റ്റേഡിയം**
- കൺസ്ട്രക്ഷൻ ഓഫ് ടോയ്‌ലറ്റ് ബ്ലോക്ക് ആൻഡ് ഊട്ടുപുര അറ്റ് കതിരൂർ സൂര്യനാരായണ ക്ഷേത്രം

**(ബി)** പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണത്തിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും; ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

**<u>മറുപടി:</u>**

1. **കൺസ്ട്രക്ഷൻ ഓഫ് ഊട്ടുപുര അറ്റ് തിരുവങ്ങാട് ശ്രീ രാമസ്വാമി ടെംപിൾ:- പദ്ധതിക്കായി 2,43,86,244/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർവ്വഹണ ഏജൻസി KIIDC ആണ്. മേൽ പ്രവർത്തി നിലവിൽ 40% പൂർത്തീകരിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്ക് നാളിതുവരെ 57,37,315/- രൂപ ചെലവഴിച്ചിട്ടുണ്ട്.**
2. **റെക്റ്റിഫിക്കേഷൻ ഓഫ് എക്സിസ്റ്റിങ് ബിൽഡിങ് ആൻഡ് റൂഫ് അറ്റ് ഇല്ലിക്കുന്ന ചർച്ച്:- പദ്ധതിക്കായി 85,29,309/- രൂപയാണ് അഡീഷണൽ വർക്കിനായി വകയിരുത്തിയിട്ടുള്ളത്. നിർവ്വഹണ ഏജൻസി KIIDC ആണ്. പദ്ധതി പ്രവർത്തി പുരോഗമിച്ചു വരുന്നു. തുകയൊന്നും ചെലവഴിച്ചിട്ടില്ല.**
3. **റിനോവേഷൻ ഓഫ് എക്സിസ്റ്റിങ് ബിൽഡിങ് അറ്റ് മുൻസിപ്പൽ സ്റ്റേഡിയം:- പദ്ധതിക്കായി 1,01,72,845/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നിർവ്വഹണ ഏജൻസി KIIDC ആണ്. പുതുക്കിയ എസ്റ്റിമേറ്റ് സാങ്കേതികാനുമതി സമിതി അംഗീകരിച്ചു. ആയത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുകയൊന്നും ചെലവഴിച്ചിട്ടില്ല.**

4. **കൺസ്ട്രക്ഷൻ ഓഫ് ടോയ്‌ലറ്റ് ബ്ലോക്ക് ആൻഡ് ഊട്ടുപുര അറ്റ് കതിരൂർ സൂര്യനാരായണ ക്ഷേത്രം:- പദ്ധതിക്കായി 2,95,48,944/- രൂപയാണ് വകയിരുത്തിയിട്ടുള്ളത് . നിർവ്വഹണ ഏജൻസി KIIDC ആണ് . പദ്ധതി പുരോഗമിച്ചു വരുന്നു . ടി പദ്ധതിയ്ക്ക് 2,02,97,371/- രൂപയാണ് ചെലവഴിച്ചത് .**

**സെക്ഷൻ ഓഫീസർ**